"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ വരുത്തുന്ന വീഴ്ചകൾ തടയാനുള്ള നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.348/2026/LSGD തീയതി,തിരുവനന്തപുരം, 09-02-2026

പരാമർശം:-

1. ധനകാര്യ (റിസോഴ്സസ്) വകുപ്പ് സെക്രട്ടറിയുടെ 22.06.2017-ലെ 1470/F.I.W.-G1/16/ധന-നമ്പർ അർദ്ധ ഔദ്യോഗികകത്ത്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.11.2025-ലെ LSGD/PD/19801/2023-DPLB1-നമ്പർ കത്ത് .

ഉത്തരവ്

വയനാട് ജില്ലയിലെ പനമരം ഗ്രാമ പഞ്ചായത്തിൽ കുറുമ്പാലക്കോട്ട കോളനിയിലേക്കുള്ള സ്റ്റെപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ക്രമക്കേടുകൾ ആരോപിച്ചു കൊണ്ട് ലഭിച്ച പരാതിയിന്മേൽ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് പരിശോധന നടത്തുകയുണ്ടായി. ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടികൾ എടുക്കാനും , പഞ്ചായത് നടത്തിയ പദ്ധതികളിലെ അശാസ്ത്രീയത , സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുമ്പോൾ പാലിക്കേണ്ടതായിട്ടുള്ള ചട്ടങ്ങളുടെ ലംഘനം എന്നിവ കണ്ടെത്തി പൊതു നിർദേശം പുറപ്പെടുവിക്കുന്നതിനുള്ള നിർദേശവും മേൽപരാമർശം കത്തിലെ ധനകാര്യ പരിശോധനവിഭാഗം റിപ്പോർട്ടിലെ 9,10 ഖണ്ഡികകൾ പ്രകാരം നൽകുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ധനകാര്യ വകുപ്പിന്റെയും പരാമർശം (2) പ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു:-

1. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ യഥാർത്ഥ ഗുണഭോക്തൃ കമ്മിറ്റികൾ വഴിയല്ലാതെ പ്രവൃത്തികൾ നിർവഹണം നടത്തുന്ന പക്ഷം; പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച മുഴുവൻ തുകയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി വസൂലാക്കുന്നതാണ്;
2. ബിനാമി കൺവീനർമാർ മുഖാന്തിരം കരാറുകാർ പ്രവൃത്തി നിർവ്വഹണം നടത്തുന്നത് ഒഴിവാക്കേണ്ടതാണ് . സർക്കാരിന് നഷ്ടം വരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കുന്ന ബിനാമി കൺവീനർമാരുടെയും ഗുണഭോക്തൃസമിതി ചെയർമാൻമാരുടെയും പേരിൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3) അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

4) ധനകാര്യ വകുപ്പ്. (D.O. Letter No.3247444/IW-G1/58/2025-Fin dated 27.08.2025)

5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

6) കൺവീനർ, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

7) ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

8) കരുതൽ ഫയൽ. (DB2/403/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Smitha. L

Date: 10-02-2026 10:22:01

സെക്ഷൻ ഓഫീസർ